# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4679** — **29-06-2012 ൽ മറുപടിയ്ക്ക്**

## നെൽകർഷകർക്ക് സൗജന്യമായി വൈദ്യുതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഹംസ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നെൽകർഷകർക്ക് ഭൂപരിധിയില്ലാതെയും, കരകൃഷിയ്ക്ക് 2 ഹെക്ടർ വരെയും സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി നിലവിലുണ്ടോ ; | (എ) പദ്ധതി നിലവിലുണ്ട്. |
| (ബി) 2006-2011 കാലഘട്ടത്തിൽ എത്ര രൂപയാണ് ഈ ഇനത്തിൽ സർക്കാർ കർഷകർക്ക് സൗജന്യം അനുവദിച്ചത്; ജില്ലാടിസ്ഥാനത്തിൽ വാർഷിക കണക്ക് പ്രസിദ്ധീകരിക്കാമോ ; | (ബി) 2006-2011 കാലഘട്ടത്തിൽ സൗജന്യ വൈദ്യുതി പദ്ധതിയ്ക്കായി ജില്ലാടിസ്ഥാനത്തിൽ അനുവദിച്ച തുകയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) 2011 ജൂൺ 1 മുതൽ 2012 മെയ് മാസം 31 വരെ എത്ര തുക ഈ ഇനത്തിൽ സർക്കാർ സബ്സിഡി നൽകുകയുണ്ടായി; | (സി) 2011 ജൂൺ 1 മുതൽ 2012 മെയ് മാസം 31 വരെ **63.52** കോടി രൂപ ജില്ലകൾക്ക് അനുവദിച്ചു. |
| (ഡി) 2011-12 വർഷത്തിൽ നൽകാനുള്ള സബ്സിഡി സംഖ്യ മുഴുവൻ നൽകുകയുണ്ടായോ ; കുടിശ്ശിക സംബന്ധിച്ച വിവരം നൽകാമോ; | (ഡി) 2011-12 വർഷത്തിൽ നല്കുവാനുള്ള മുഴുവൻ സംഖ്യയും നൽകുവാൻ സാധിച്ചിട്ടില്ല. 2011-12 വർഷത്തിൽ ഉണ്ടായിരുന്ന കുടിശ്ശിക ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. |

തിരുവനന്തപുരം - 3,50,000 രൂപ
മലപ്പുറം -1,22,22,616 രൂപ
കോട്ടയം - 1,00,00,000 രൂപ
തൃശ്ശൂർ - 71,00,000 രൂപ

2012-13 ൽ സൗജന്യ വൈദ്യുതി പദ്ധതിയിലേയ്ക്ക് 2795 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 2690 ലക്ഷം രൂപ ജില്ലകൾക്ക് നൽകികഴിഞ്ഞു. ശേഷിക്കുന്ന തുക കുടിശ്ശികയുള്ള ജില്ലകൾക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

| | |
|---|---|
| (ഇ) കർഷകർക്ക് വൈദ്യുതി സൗജന്യമായി നൽകുന്നതിനായി ഈ വർഷത്തെ ബജറ്റിൽ എത്ര തുക വകയിരുത്തി ; പ്രസ്തുത തുക പര്യാപ്തമാണോ ; അല്ലെങ്കിൽ വർദ്ധിപ്പിക്കാമോ ; വിശദാംശം ലഭ്യമാക്കാമോ ? | (ഇ) കർഷകർക്ക് വൈദ്യുതി സൗജന്യമായി നൽകുന്നതിനായി ഈ വർഷത്തെ ബജറ്റിൽ 2795 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക പര്യാപ്തമല്ല. ഒരു വർഷം സൗജന്യ വൈദ്യുതി പദ്ധതി നടപ്പിലാക്കുന്നതിന് 32 കോടി രൂപ ആവശ്യമുണ്ട് എന്ന് കണക്കാക്കപ്പെടുന്നു. അധികമായി വേണ്ടിവരുന്ന തുക ഉപധനാഭ്യർത്ഥന മുഖേന ലഭ്യമാക്കാൻ നടപടി സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ജില്ല | വർഷം | | | | | |
|---|---|---|---|---|---|---|
| | **2006- 07** | **2007- 08** | **2008- 09** | **2009- 10** | **2010- 11** | **2011- 12** |
| തിരുവനന്തപുരം | 5000000 | 1000000 | 3000000 | 4940000 | 4519706 | 2100000 |
| കൊല്ലം | 1330000 | 995135 | 1050000 | 1853855 | 1191765 | 1048993 |
| പത്തനംതിട്ട | 68287 | 196677 | 65000 | 646000 | 431200 | 431827 |
| ആലപ്പുഴ | 29730025 | 24500000 | 11500000 | 32336145 | 10553000 | 62500000 |
| കോട്ടയം | 15750000 | 8000000 | 6700000 | 12300000 | 7900000 | 21300000 |
| ഇടുക്കി | 1000437 | 1037500 | 253000 | 1844000 | 1263993 | 260000 |
| എറണാകുളം | 25533644 | 8023145 | 14000000 | 30405700 | 18548612 | 41500000 |
| തൃശ്ശൂർ | 43469975 | 80000000 | 83432000 | 143400000 | 55000000 | 73200000 |
| പാലക്കാട് | 39716322 | 20000000 | 23200000 | 112785000 | 80000000 | 65240000 |
| മലപ്പുറം | 18482510 | 20000500 | 14700000 | 39100000 | 26500000 | 37500000 |
| വയനാട് | 2868989 | 2461473 | 1550000 | 2895000 | 2122101 | 2000000 |
| കോഴിക്കോട് | 3435000 | 700000 | 3700000 | 3594300 | 2369623 | 2400000 |
| കണ്ണൂർ | 6240800 | 3000000 | 4450000 | 3700000 | 3600000 | 4700000 |
| കാസർഗോഡ് | 7203000 | 30035570 | 32400000 | 19500000 | 28000000 | 52019180 |
| ആകെ | **199828989** | **199950000** | **200000000** | **409300000** | **242000000** | **366200000** |

സെക്ഷൻ ഓഫീസർ